പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.608 — 24.05.2017 ൽ മറുപടിയ്ക്ക്

സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. മുരളി പെരുനെല്ലി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) നെല്ല് നൽകുവാൻ താത്പര്യമുള്ള കർഷകർ നെല്ല് സംഭരണത്തിനുള്ള പൊതു നിബന്ധനകൾക്ക് വിധേയമായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതും, രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ ഓരോ കർഷകനും രജിസ്ട്രേഷൻ ഐഡന്റിറ്റി നമ്പർ നൽകുന്നതുമാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരിൽ നിന്നും മാനദണ്ഡങ്ങൾക്കനുസരിച്ച്, നിർവ്വഹണ ഏജൻസിയായ സപ്ലൈകോയുമായി കരാറിൽ ഒപ്പിട്ടിട്ടുള്ള മില്ലുകൾ മുഖേന നെല്ല് സംഭരിക്കുന്നു. |
| (ബി) നിലവിൽ നെൽ കർഷകർക്ക് നൽകിവരുന്ന സംഭരണ വില എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിൽ സംഭരിക്കുന്ന നെല്ലിന് കിലോഗ്രാമിന് 22.50 രൂപ നിരക്കിൽ കർഷകർക്ക് വില നൽകി വരുന്നു. |
| (സി) ഈ ഇനത്തിൽ കേന്ദ്ര സർക്കാർ നൽകി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) നെല്ല് സംഭരണത്തിനായി കേന്ദ്ര സർക്കാർ അടിസ്ഥാന താങ്ങുവില നൽകി വരുന്നു. 2016-17 സീസണിൽ പൊതുവിഭാഗത്തിലുള്ള നെല്ലിന് കിലോഗ്രാമിന് 14.70 രൂപയും, ഗ്രേഡ് എ വിഭാഗത്തിന് കിലോഗ്രാമിന് 15.10 രൂപയും കേന്ദ്ര സർക്കാർ അടിസ്ഥാന താങ്ങുവിലയായി നൽകുന്നു. |
| (ഡി) നെല്ല് സംഭരിച്ച വകയിൽ മുൻ സർക്കാരിന്റെ കാലയളവിൽ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ള | (ഡി) മുൻ സർക്കാരിന്റെ കാലത്ത് നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കൊടുക്കുവാനുണ്ടായിരുന്ന 346.73 കോടി രൂപ ഈ സർക്കാർ |

| | |
|---|---|
| തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് കുടിശ്ശിക ഉണ്ടായിരുന്നതെന്നും ആയത് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | അധികാരത്തിൽ വന്നതിനു ശേഷം മുഴുവനായി കൊടുത്തുതീർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ